## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3580 | 22.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളുടെ ശോചനീയാവസ്ഥ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. എം. ഉമ്മർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ അംഗൻവാടികളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;<br>(ബി) എങ്കിൽ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (എ)& (ബി). സംസ്ഥാനത്തെ അങ്കണവാടികളുടെ ഇപ്പോഴുള്ള അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>ആകെ അങ്കണവാടികൾ – 33115<br>സ്വന്തം കെട്ടിടമുള്ളവ – 22998<br>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് – 6940<br>ടോയിലറ്റ് ഉള്ളവ – 31837<br>കുടിവെള്ള സൗകര്യമുള്ളവ – 24395<br>വൈദ്യുതീകരിച്ചിട്ടുള്ളവ – 25009<br>ഗ്യാസ് കണക്ഷനുള്ളവ – 30018<br>അങ്കണവാടികൾക്ക് ഭൂമി കണ്ടെത്തുന്നതിന് ഉപേക്ഷിക്കപ്പെട്ട റോഡുകൾ, മറ്റു വകുപ്പുകളുടെ ഭൂമി, പുറമ്പോക്ക് ഭൂമി എന്നിവ കണ്ടെത്തി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് നിർദ്ദേശം നൽകുകയും ആയതിന്റെ പുരോഗതി ചീഫ് സെക്രട്ടറി നേരിട്ട് അവലോകനം ചെയ്യുന്നുമുണ്ട്. കുടിവെള്ളം, ടോയിലറ്റ് ,ഇലക്ട്രിസിറ്റി തുടങ്ങിയ സൗകര്യങ്ങൾ അങ്കണവാടികൾക്ക് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകളിൽ പ്രോജക്ട് വെച്ച് നടപ്പിലാക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നോൺ റോഡ് മെയിന്റനൻസ് ഫണ്ട് |

| | |
|---|---|
| | ഉപയോഗിച്ച് അങ്കണവാടികളുടെ സൗകര്യങ്ങൾ പരമാവധി മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വന്തമായി സ്ഥലം ലഭ്യമായ അങ്കണവാടികൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിച്ച് വരുന്നു. 50.17 കോടി രൂപ അങ്കണവാടി അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |